**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2692** **24-06-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തേക്കുള്ള റെയിൽവേ ലൈൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തേക്കുള്ള റെയിൽവേ ലൈനിന്റെ നിർമ്മാണച്ചുമതല നൽകിയത് ഏത് ഏജൻസിക്കാണെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത നിർമ്മാണപദ്ധതിക്ക് അന്തിമാനുമതി നൽകിയിട്ടുണ്ടോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തേക്കുള്ള റെയിൽ പാതയുടെ നിർമ്മാണ ചുമതല കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡി നാണ് (KRCL) നൽകിയിട്ടുള്ളത്. ഇത് സംബന്ധി ച്ചുള്ള ഒരു ധാരണ പത്രം 20/02/2018-ൽ കൊങ്കൺ റെയിൽ കോർപറേഷനുമായി ഒപ്പുവെച്ചിട്ടുണ്ട്.<br><br>നിർദിഷ്ട ഭൂഗർഭ പാതയുടെ ഡി.പി.ആറിന് ദക്ഷിണ റെയിൽവേയുടെ അന്തിമ അംഗീകാരം 16/03/2022-ൽ ലഭിച്ചു. തുടർന്ന് 15/05/2024-ൽ ചീഫ് സെക്രട്ടറി അധ്യക്ഷൻ ആയിട്ടുള്ള പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മറ്റി (PIC), പ്രസ്തുത DPR അംഗീകാരത്തിനായി ശുപാർശ ചെയ്തിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ മൊത്തം അടങ്കൽ തുക കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണെന്ന് അറിയിക്കാമോ; നിർദ്ദിഷ്ട ഭൂഗർഭ റെയിൽവേ നിർമ്മാണമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത പാരിസ്ഥിതിക പഠനം നടത്തിയിട്ടുണ്ടോ; | (ബി) | ടി പദ്ധതിയുടെ മൊത്തം അടങ്കൽ തുക 1202.63 കോടി രൂപയായി കണക്കാക്കിയിരിക്കുന്നു (2023 നിരക്കിൽ). റെയിൽവേ മന്ത്രാലയത്തിന്റെ 13/10/2023-ലെ ഉത്തരവ് No.2023/Proj:/MUTP-III/VR-DRD/1/4 പ്രകാരം റെയിൽവേ പദ്ധതികൾക്കു പാരിസ്ഥിതിക അനുമതി / കോസ്റ്റൽ റെഗുലേഷൻ സോൺ അനുമതി ആവശ്യമില്ല. എന്നിരുന്നാലും ടി പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കൽ, നിർമാണം എന്നിവ സംബന്ധിച്ച് ആവശ്യമായ സാമൂഹ്യാഘാത പഠനവും, മറ്റു ആഘാത പഠനങ്ങളും നടത്തി അതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുമായി മുന്നോട്ടു പോകുന്നതിന് പരിസ്ഥിതി മന്ത്രാലയത്തിന്റെ EAC യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (സി) | ഉപരിതലത്തിൽ റെയിൽവേ ലൈൻ നിർമ്മിക്കുന്നതിനുള്ള അടങ്കൽ തുക എത്രയെന്ന് കണക്കാക്കിയിരുന്നോ; എ ങ്കിൽ എത്രയെന്നറിയിക്കുമോ; പ്രസ്തുത റെയിൽവേ ലൈൻ നിർമ്മിക്കുന്നതിനുള്ള തീരുമാനം ഉപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | 2011-ൽ RITES എന്ന സ്ഥാപനം പൂർണമായും ഉപരിതലത്തിൽ റെയിൽവേ ലൈൻ നിർമിക്കുന്ന തിനുള്ള പദ്ധതി തയ്യാറാക്കിയിരുന്നു. അതിന്റെ എസ്റ്റിമേറ്റ് തുക 581.61കോടി രൂപ ആയിരുന്നു. (സ്ഥലമേറ്റെടുപ്പ് ഒഴിവാക്കിയുള്ള 2018-ലെ നിരക്ക് പ്രകാരം) ഇതിനായി ഏകദേശം 48 ഹെക്ടർ സ്ഥലം |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കേണ്ടിവരുമെന്നതിനാലും, കൂടുതൽ ആരാധനാലയങ്ങളും കുടുംബങ്ങളെ മാറ്റി പാർപ്പിക്കലും ആവശ്യമായി വരുന്നതിനാലും, സാമൂഹികാഘാതം കൂടുതലായതിനാലും, ടി റെയിൽവേ ലൈൻ പദ്ധതിയുമായി മുന്നോട്ടു പോയില്ല. സ്ഥലം ഏറ്റെടുക്കുന്നതിന് മാത്രമായി ഏകദേശം 1000 കോടി രൂപയാകുമെന്ന് കണക്കാക്കുന്നു. |
| (ഡി) | ഭൂഗർഭ റെയിൽവേ ലൈൻ കടന്നുപോകുന്ന റൂട്ടിന്റെ ഉപരിതലത്തിൽ ബഫർ സോൺ ഉൾപ്പെടെയുള്ള നിക്ഷിപ്ത ഏരിയ ഉണ്ടാകുമോ; അത് ആ മേഖലയിലെ ഭൂമി ഉപയോഗത്തെ ബാധിക്കുമോ; എങ്കിൽ ഉടമകൾക്ക് നഷ്ടപരിഹാരം നൽകുമോ; വിശദമാക്കുമോ; | (ഡി) | ഭൂഗർഭ തുരങ്ക പാതയുടെ 70 ശതമാനത്തോളം റോഡിന് അടിയിലൂടെ ആണ് കടന്നു പോകുന്നത്. പാത കടന്നു പോകുന്നതിന് മുകളിലുള്ള നിർമ്മിതികൾക്കു നിയന്ത്രണങ്ങൾ ഉണ്ടാകും. ഈ സ്ഥലങ്ങളിൽ മുൻകൂർ അനുവാദത്തോടുകൂടി നിർമ്മാണ പ്രവർത്തികൾ നടത്താവുന്നതാണ്. തുരങ്ക പാത ഏകദേശം 100 അടിക്കു താഴെയായി കടന്നു പോകുന്നതിനാൽ വലിയ നിയന്ത്രണങ്ങൾ ഒന്നും തന്നെ ആവശ്യമായി വരുന്നില്ല. എന്നാൽ ടി പ്രദേശത്തു നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അപേക്ഷകൾക്ക് അനുമതി നൽകുമ്പോൾ ഭൂഗർഭ റെയിൽ പാതയുടെ കാര്യം കൂടി പരിഗണിച്ച ശേഷം ആയിരിക്കും അനുമതി നൽകുന്നത്. |
| (ഇ) | പ്രസ്തുത റെയിൽവെ ടണൽ ഭൂഗർഭ ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെടുത്തുമെന്നതിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോ? | (ഇ) | പരിശോധിച്ചിട്ടുണ്ട് . ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് നടത്തിയ പഠനത്തിൽ നിർമ്മാണ സമയത്ത് ഭൂഗർഭ ജലത്തിന്റെ നിരപ്പിന് ചെറിയ തോതിൽ താത്കാലിക വ്യതിയാനം ഉണ്ടാകാൻ സാധ്യതയു ണ്ടെങ്കിലും, നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക്, ഭൂഗർഭജലനിരപ്പിനു മാറ്റം ഉണ്ടാകുന്നില്ലായെന്ന് പഠനം സൂചിപ്പിക്കുന്നു. പ്രസ്തുത റെയിൽവേ ടണൽ ഭൂഗർഭ ജലത്തിന്റെ ഒഴുക്കിന് യാതൊരു തടസ്സവും ഉണ്ടാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ